ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പുതിയതായി രൂപീകരിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് ഒരു പഠനം നടത്തിവരികയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ച ശേഷം ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മാവോയിസ്റ്റ് പ്രവർത്തനങ്ങൾ

212 (218) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് പ്രവർത്തനങ്ങൾ അടിച്ചമർത്തുന്നതിനും, നിരീക്ഷിക്കുന്നതിനും സംസ്ഥാന പോലീസിൽ പ്രത്യേക വിഭാഗത്തെ നിയോഗിച്ചിട്ടുണ്ടോയെന്നും എങ്കിൽ പ്രസ്തുത വിഭാഗത്തിന് എത്ര പേരാണ് വകുപ്പ് തലത്തിൽ നൽകിയിട്ടുള്ളതെന്നും ഇതിൽ എത്ര പോലീസ് സേനാംഗങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) മാവോയിസ്റ്റ് പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള പോലീസ് സേനാ വിഭാഗത്തിന് നൽകിയിട്ടുള്ള ചുമതലകൾ എന്തൊക്കെയാണെന്നും ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം ഭൗതിക സൗകര്യങ്ങളാണ് നൽകിയിട്ടുള്ളതെന്നും ഇതിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെന്നും വെളിപ്പെടുത്തുമോ;

(സി) മാവോയിസ്റ്റ് പ്രവർത്തനങ്ങൾ സംസ്ഥാനത്ത് അടിച്ചമർത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുള്ളതായി വെളിപ്പെടുത്തുമോ; ഇതിന് നിയോഗിക്കപ്പെട്ടിട്ടുള്ള സേനാംഗങ്ങൾക്ക് തങ്ങളുടെ തസ്തികക്കനുസരിച്ചുള്ള ആനുകൂല്യങ്ങൾക്കുപരിയായി എന്തെല്ലാം ആനുകൂല്യങ്ങൾ സർക്കാർ നൽകുന്നുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ഇതുവരെ എത്ര മാവോയിസ്റ്റ് ആക്രമണങ്ങൾ നടന്നിട്ടുണ്ടെന്നും ഇതിൽ എത്രപേർ പിടിക്കപ്പെട്ടിട്ടുണ്ടെന്നും പിടിക്കപ്പെട്ടവരിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഏതെങ്കിലും പ്രവർത്തകർ ഉൾപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മാവോയിസ്റ്റ് ഉൾപ്പെടെയുള്ള ഭീകര സംഘടനകളുടെ ഭീകര പ്രവർത്തനങ്ങളും ഗുരുതര സുരക്ഷാ ഭീഷണിയും നേരിടുന്നതിനു സംസ്ഥാനത്തെ പോലീസിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(സി) ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ നിലവിലുള്ള സേനാവിഭാഗങ്ങളെയും മാവോയിസ്റ്റ് ഉൾപ്പെടെയുള്ള ഭീകര സംഘടനകളുടെ ഭീകര പ്രവർത്തനങ്ങളും ഗുരുതരമായ സുരക്ഷാ ഭീഷണിയും നേരിടുന്നതിനായി നിയോഗിച്ചിട്ടുള്ള സേനാംഗങ്ങളെയും മാത്രമെ ഉപയോഗപ്പെടുത്തിയിട്ടുള്ളൂ. ഇതിന് നിയോഗിച്ചിട്ടുള്ള സേനാംഗങ്ങൾക്ക് തങ്ങളുടെ തസ്തികയ്ക്കനുസരിച്ചുള്ള ആനുകൂല്യങ്ങൾക്ക് ഉപരിയായി, അവർ ഏർപ്പെട്ടിരിക്കുന്ന ജോലിയുടെ കാഠിന്യം മനസ്സിലാക്കി മറ്റു ചില ആനുകൂല്യങ്ങളും നൽകിവരുന്നു.

(ഡി) സംസ്ഥാനത്ത് മാവോയിസ്റ്റ് സംഘടനയുടെ പേരിൽ 13 ആക്രമണങ്ങൾ നടന്നിട്ടുണ്ട്. ഈ ആക്രമണങ്ങളുമായി ബന്ധപ്പെട്ട 3 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസുകൾ അന്വേഷണാവസ്ഥയിലാണ്. പിടിക്കപ്പെട്ടവരുടെ സംഘടനാബന്ധവും സംഘടനയിലെ ചുമതലകളും പരിശോധിച്ചുവരുന്നു.

അച്ചൻകോവിൽ പോലീസ് ഔട്ട്പോസ്റ്റ് കെട്ടിടം

213 (219) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അച്ചൻകോവിൽ പോലീസ് ഔട്ട്പോസ്റ്റ് കെട്ടിടം മേൽക്കൂര ഉൾപ്പെടെ തകർന്ന് അപകട ഭീഷണിയിൽ ആയ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; ആകെ രണ്ട് മുറികൾ മാത്രമുള്ള പ്രസ്തുത കെട്ടിടം ഓഫീസായി ഉപയോഗിയ്ക്കുന്നതിനും തൊണ്ടിമുതൽ സൂക്ഷിക്കുന്നതിനും പ്രതികളെ സൂക്ഷിക്കുന്നതിനും സൗകര്യങ്ങൾ ഇല്ലാതെ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ പ്രസ്തുത കെട്ടിടം പുനർനിർമ്മിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ ഇതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അച്ചൻകോവിൽ പോലീസ് ഔട്ട് പോസ്റ്റ് കെട്ടിടം പുനർ നിർമ്മിക്കുന്നതിനുവേണ്ടി പൊതു മരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly